**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4300** | **18-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് രൂപീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസോ, കസ്റ്റമർ കെയർ സെന്ററോ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾ ക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് വൈദ്യുതി ബോർഡിലും സെക്ഷനുകളിലുമുള്ള മുഴുവൻ ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കിട്ടിയ നിവേദനത്തിന്മേൽ മറ്റ് പ്രക്രിയകൾ ചെയ്യാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് ഫയലുകൾ ഇല്ല . |
| (സി) | പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യവും അപേക്ഷയിലെ ആവശ്യകതയും കണക്കിലെടുത്ത് ഇരിമ്പിളിയം കേന്ദ്രമാക്കി കസ്റ്റമർ കെയർ സെന്ററോ സെക്ഷൻ ഓഫീസോ തുടങ്ങുവാൻ അടിയന്തര നിർദ്ദേശം നൽകുമോ? | (സി) | നിലവിലെ സാഹചര്യത്തിൽ പുതിയ സെന്ററോ, ഓഫീസോ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ